

# പരിയാരം സെന്റ് ജോർജ്ജ് ഇടവക

ഒരു ക്രൈസ്തവ കൂട്ടായ്മ നൂറ്റാണ്ടുകൾക്ക് മുമ്പേ ഇവിടെ ഉണ്ടായിരുന്നു. അവരുടെ ആത്മീയ ആവശ്യങ്ങൾ നിറവേറ്റിയിരുന്നത്, A.D. 600-ൽ സ്ഥാപിതമായ ചാലക്കുടി സെന്റ് മേരീസ് ഫൊറോന പള്ളിയിൽ ആയിരുന്നു. ഒരു കുരിശുപള്ളി സ്ഥാപിക്കാൻ 1822-ൽ ശ്രമം തുടങ്ങി. അതനുസരിച്ച് ഇവിടെയുള്ള പൂർവ്വികർ ഒരു സമുദായം രൂപീകരിച്ച് മേലധികാരികളെ കണ്ട് അനുവാദം വാങ്ങുവാൻ തീരുമാനിച്ചു. അങ്ങനെ കാളിയാട്ടുപറമ്പിന്റെ രേഖകൾ ജന്മികളായ കുറിയേടത്ത് ത്രിവിക്രമൻ നീലകണ്ഠൻ നമ്പൂതിരിപ്പാടിനേയും, കോടശ്ശേരിയിലെ പാണ്ണു നാരായണ കർത്താക്കളേയും കണ്ട് മുദ്രയോലകൾ സമ്പാദിച്ചു. ഭൂമിയുടെ അട്ടിപ്പേറ് വിലയായി നിശ്ചയിക്കപ്പെട്ട പണം ചാലക്കുടി പള്ളിയും, ബാക്കി ഇവിടെയുള്ള കുടുംബക്കാരും കൂടി നല്കി. കൊച്ചിരാജാവിനോടും, റസിഡന്റ് സായിപ്പിനോടും അപേക്ഷിച്ചതനുസരിച്ച് കുരിശുപള്ളിക്ക് അനുമതിയും, അന്നത്തെ മലബാർ വികാരി അപ്പസ്തോലിക്കയായിരുന്ന പെ.ബഹു. ലുദ്വിക്ക് തിരുമേനിയിൽനിന്ന് അനുവാദവും ലഭിച്ചു.

## കുരിശുപള്ളി

1841 ഡിസംബർ 21-ന് ബഹു. മല്പാൻ അബ്രാഹം തച്ചിലച്ചൻ കുരിശുപള്ളിക്ക് തറക്കല്ലിട്ട്, ആദ്യ ദിവ്യപൂജ അർപ്പിച്ചു. ചാലക്കുടി പള്ളിയിൽ നിന്നും കൊണ്ടുവന്ന വി. ഗീവർഗീസിന്റെയും, വി. സെബസ്ത്യാനോസിന്റെയും രൂപങ്ങൾ ഇവിടെ പ്രതിഷ്ഠിച്ചു. കുരിശുപള്ളിയുടെ ആദ്യ കൈക്കാരന്മാർ പോട്ടക്കാരൻ കുഞ്ഞുവറീത് പൈലോതും, പടിഞ്ഞാക്കര കൊച്ചുവറീതും ആയിരുന്നു. മൂത്തേടൻ വറീത് അന്തോണി വഴിപാട് ആയി നല്കിയ സ്ഥലത്തേക്ക് പള്ളിയുടെ തെക്കേ നട തുറന്നുവെന്ന് രേഖകളിൽ പറയുന്നു.

കിഴക്കൂടൻ ബഹു. യാക്കോബ് മല്പാൻ അച്ചൻ, കിഴക്കൂടൻ ബഹു. ഗീവർഗ്ഗീസ് അച്ചൻ, എന്നിവരുടെ അശ്രാന്ത പരിശ്രമഫലമായി കുരിശുപള്ളിയെ പുനരുദ്ധരിക്കുകയും, 1867-ൽ പള്ളിയോട് അനുബന്ധിച്ച് പള്ളിക്കൂടം ആവശ്യമെന്ന് കണ്ട് തെക്ക് ഭാഗത്ത്, കിഴക്ക് പടിഞ്ഞാറ് ഒരു പള്ളിക്കൂടം ആരംഭിച്ച് കുറച്ചുക്കാലം പ്രവർത്തിച്ചു.

## ഇടവക

1871-ൽ കുരിശ് പള്ളി വലുതാക്കി പണിയുകയും സിമിത്തേരി നിർമ്മിക്കുകയും ചെയ്തതനുസരിച്ച് പെ.ബഹു. ലെയൊനാർദ് മെത്രാപ്പോലീത്തയുടെ കല്പനപ്രകാരം ചാലക്കുടി ഫൊറോന പള്ളി വികാരി റവ. ഫാ. പൗലോസ് മാളിയേക്കൽ പരി



പാരിഷ് ഹാൾ

യാരം സെന്റ് ജോർജ്ജ് പള്ളിയെ ഒരു ഇടവക പള്ളിയായി പ്രഖ്യാപിച്ചു. പ്രഥമ വികാരി റവ. ഫാ. മാത്യു പഴയാറ്റിൽ ആണ്. അന്ന് 100 കുടുംബങ്ങളും 580 വിശ്വാസികളും ഉണ്ടായിരുന്നു. അക്കാലത്ത് തന്നെ അവിടെ, ഇന്ന് കാണുന്ന കുരിശ് സ്ഥാപിച്ചു. പള്ളിയുടെ ആരംഭത്തിൽ തന്നെ മാതാവിന്റെ ദർശനസഭ തുടങ്ങുകയും എല്ലാ കൊല്ലവും തിരുനാൾ നടത്തിപ്പോരുകയും ചെയ്തിരുന്നു.

## വളർച്ചയുടെ ഘട്ടങ്ങൾ

1887-ൽ തൃശ്ശൂർ വികാരിയാത്ത് നിലവിൽ വന്ന കാലഘട്ടത്തിൽ രൂപതയിലെ ഏറ്റവും വിസ്തൃതിയുള്ള ഒരു ഇടവകയായിരുന്നു പരിയാരം. 15.11.1918-ൽ ഈ ഇടവകാംഗമായ ബഹു. ആന്റണി പുതുശ്ശേരി പരിയാരത്ത് വൃദ്ധർക്കുള്ള വി. അന്തോണീസിൻ സങ്കേതം ആരംഭിച്ചു.

കുറ്റിക്കാട്, വെള്ളിക്കുളങ്ങര, എലിഞ്ഞിപ്ര (ചൗക്ക), താഴൂർ (കോടശ്ശേരി), തൂമ്പാക്കോട്, പൂവ്വത്തിങ്കൽ, ബെത്‌ലെഹം-എലിഞ്ഞിപ്ര എന്നീ ഇടവകകൾ പരിയാരത്തിൽ നിന്ന് വേർപിരിഞ്ഞ് പോയവയാണ്.

## പുതിയ ദേവാലയം

1997-ൽ ബഹു. ജോസ് യു. വാഴപ്പിള്ളിയുടെ കാലത്ത് പുതിയ പള്ളി പണിയാൻ തീരുമാനിച്ച് പ്രാഥമിക നടപടികൾ തുടങ്ങി. പിന്നീട് വന്ന ബഹു. തോമസ് മേനാച്ചേരിയച്ചൻ 21.10.1999-ൽ ഇടവകയുടെ ഒരു പൊതുയോഗം വിളിക്കുകയും, അതനുസരിച്ച് പള്ളി നിർമ്മാണ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു.


വൈദികമന്ദിരം


ലൂർദ്ദുമാത കപ്പേള


ലിറ്റിൽ ഫ്ളവർ കപ്പേള

ഏഷ്യൻ സിനഡ് 7.11.1999-ൽ ഡൽഹിയിൽ നടന്നപ്പോൾ ഉദ്ഘാടനത്തിനായി എത്തിച്ചേർന്ന പരി. പിതാവ് ജോൺ പോൾ രണ്ടാമൻ മാർപാപ്പയാണ് ഇപ്പോൾ പണിതിരിക്കുന്ന ദേവാലയത്തിന്റെ അടിസ്ഥാനശില ആശീർവദിച്ചത്. പിന്നീട് 29.12.99-ൽ ഇരിങ്ങാലക്കുട രൂപതാദ്ധ്യക്ഷൻ മാർ ജെയിംസ് പഴയാറ്റിൽ ശിലാസ്ഥാപനം നടത്തുകയും, അതിൽ തിരുശേഷിപ്പും, ഒരു സ്വർണ്ണകുരിശും, മാതാവിന്റെ മെഡലും വെഞ്ചിരിച്ച് സ്ഥാപിക്കുകയും ചെയ്തു. ഈ ദിവസം തന്നെയാണ് പുരാതനമായ മണിമാളികയിലെ പഴയ മണി പുനർനിർമ്മിച്ച് 300 Kg. തൂക്കമുള്ള പുതിയ മണി വെഞ്ചിരിച്ച് സ്ഥാപിച്ചതും.


തിരുഹൃദയ കപ്പേള


വേളാങ്കണ്ണിമാതാ കപ്പേള

അങ്ങനെ 140 അടി നീളവും, 66 അടി വീതിയും, 75 അടി ഉയരവും, 10800 ചതുരശ്ര അടി വിസ്തീർണ്ണവും ഉള്ള മനോഹരമായ ദേവാലയം 23 മാസം കൊണ്ട് തീർക്കുവാൻ സാധിച്ചു. 130 വർഷം പഴക്കമുള്ള ചരിത്രപ്രധാന്യമുള്ള പുഷ്പകൂടും വിദേശത്ത് നിന്നുള്ള കുരിശിന്റെ വഴിയിലെ 14 തിരുസ്വരൂപങ്ങളും അങ്ങനെ തന്നെ നിലനിർത്തുവാൻ സാധിച്ചതും വലിയ കാര്യമാണ്.

## നവീന ദേവാലയം

21.4.2002-ൽ റോമിൽ നിന്ന് ലഭിച്ച വി. ഗീവർഗീസിന്റെ തിരുശേഷിപ്പ് സ്വീകരിച്ച് ഗംഭീരവരവേല്പോടെ പള്ളിയിലേക്ക് കൊണ്ടുവന്ന് സ്ഥാപിക്കുകയും ചെയ്തു. അന്നുതന്നെ പുതിയ കൊടിമരം ബഹു. വികാരിയച്ചൻ വെഞ്ചിരിച്ച്, പതാകവന്ദനം നടത്തി.

24.4.2002-ൽ വി. ഗീവർഗ്ഗീസിന്റെ തിരുനാൾ ദിനത്തിൽ പുതിയ ദേവാലയത്തിന്റെ കൂദാശ കർമ്മങ്ങൾക്ക് ഇരിങ്ങാലക്കുട രൂപതാദ്ധ്യക്ഷൻ മാർ ജെയിംസ് പഴയാറ്റിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. ദേവാലയ പ്രതിഷ്ഠയും, ശിലാഫലക അനാച്ഛാദനവും നടത്തിയത് തൃശ്ശൂർ അതിരൂപതാ മെത്രാപ്പോലീത്ത മാർ ജേക്കബ് തൂങ്കുഴി പിതാവാണ്.

## കോൺവെന്റുകൾ

1916-ൽ പരിയാരം ഇടവകയിൽ സ്ഥാപിതമായ പ്രഥമ സന്യാസഭവനമാണ് സി.എം.സി. സമൂഹത്തിന്റെ മൗണ്ട് കാർമ്മൽ കോൺവെന്റ്. 1938-ൽ ഇടവകക്കാരായ കണ്ണമ്പിള്ളി വീട്ടുകാരിൽനിന്ന് ബഹു. ജേക്കബ് വടാശ്ശേരിയച്ചൻ വാങ്ങി നല്കിയ സ്ഥലത്താണ് തിരുക്കുടുംബസഭയുടെ നസറത്ത് കോൺവെന്റ് സ്ഥാപിതമായത്. കാലാന്തരത്തിൽ ഇത് നവസന്യാസിനീപരിശീലനഭവനമായിത്തീർന്നു. മോൺ. ആന്റണി പുതുശ്ശേരി സ്ഥാപിച്ച സെന്റ് ആന്റണീസ് സങ്കേതത്തിലെ ശുശ്രൂഷയുടെ സൗകര്യാർത്ഥം സി.എം.സി. സിസ്റ്റേഴ്സ് 1943-ൽ അതിനോടനുബന്ധിച്ച് ചെറിയൊരു കോൺവെന്റ് ആരംഭിച്ചു. ചുണങ്ങംവേലി ആസ്ഥാനമായുള്ള എസ്.ഡി. സിസ്റ്റേഴ്സിന്റെ ഇരിങ്ങാലക്കുട രൂപതയിലെ പ്രഥമ ഭവനമായ എസ്.ഡി. കോൺവെന്റ് 1983-ലാണ് സ്ഥാപിച്ചത്. കുടുംബങ്ങളുടെ സർവ്വതോമുഖമായ നവീകരണത്തിൽ അവർ ഉത്സുകരാണ്.

## സ്കൂളുകൾ, സി.എസ്.ആർ.

പ്രധാന വിദ്യാനികേതനങ്ങളാണ് 1925-ൽ പള്ളിയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച സെന്റ് ജോർജ്ജ്സ് എൽ. പി. സ്ക്കുളും 1946-ൽ സ്ഥാപിതമായ ഹൈസ്ക്കുളും. സി.എം.സി. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ 1919-ൽ സ്ഥാപിതമായ സെന്റ് ജോൺ ബാപ്റ്റിസ്റ്റ് എൽ.പി.സ്ക്കൂൾ. പരിയാരം പ്രദേ



കാർമ്മൽ ശാന്തിഭവൻ ഓർഫനേജ്



സെന്റ് ജോൺ ബാപ്റ്റിസ്റ്റ് എൽ.പി. സ്ക്കൂൾ



നസ്രത്ത് കോൺവെന്റ് & നൊവിഷ്യറ്റ് ഹൗസ്



സി.എം.സി. കാർമ്മൽ കോൺവെന്റ് & ചാപ്പൽ



Centre for Spiritual Realisation - C.S.R (സി.എം.ഐ)

ശത്തെ പുരാതന വിദ്യാലയമാണ് കൂടാതെ, 1971 മുതൽ കാർമ്മൽ ശാന്തിഭവൻ എന്നപേരിൽ ഓർഫ നേജും ബഹു. സിസ്റ്റേഴ്സ് നടത്തുന്നു.

ഇടവകയിലെ ഒരു പ്രമുഖ സ്ഥാപനമാണ് സി. എസ്.ആർ. (Centre for Spiritual Realisation) ഇരിങ്ങാലക്കുട രൂപത നിലവിൽ വന്നശേഷം 1979-ൽ സി.എം.ഐ. സഭയുടെ ജനറലേറ്റിന് കീഴിൽ പെരിയ ബഹു. ഡോ. കനീസിയൂസ് തെക്കേക്കര സി.എം.ഐ. അച്ചന്റെ ഉത്സാഹഫലമായി സ്ഥാപിതമായ സി.എസ്.ആർ വിവിധധ്യാനങ്ങൾ, കോൺഫ്രൻസുകൾ തുടങ്ങിയ ആധ്യാത്മികവും സാംസ്ക്കാരികവുമായ നിരവധി പരിപാടികൾക്ക് വേദിയൊരുക്കുന്നു.

## കുടുംബസമ്മേളനം

857 കുടുംബങ്ങളെ 3 മേഖലകളിലായി 18 യൂണി റ്റുകളായി ഭാഗിച്ച് ഇടവകയുടെ എല്ലാ പ്രവർത്ത നങ്ങൾക്കും ഇവർ ഊർജ്ജസ്വലത പകരുന്നു. മത ബോധനവും വിവിധസംഘടനകളും സജീവമായി മുന്നേറുന്നു.



പഴയ പള്ളി



സെന്റ് ജോർജ്ജ് ഹൈസ്ക്കൂൾ



വി.അന്തോണീസിന്റെ 'സങ്കേതം'




പുരാതനമായ കുരിശ്
(ദൈവാലയത്തിൽ)



പള്ളിനട കുരിശ്



കുരിശടി (ജംഗ്ഷനിൽ)



മണിമാളിക

ST. GEORGE'S CHURCH
Pariyaram
P.O. Pariyaram - 680 721
Phone : 0480 2746851

## ചുരുക്കത്തിൽ

| | | |
|---|---|---|
| ഇടവക | : | പരിയാരം |
| ഫൊറോന | : | ചാലക്കുടി |
| പ്രഥമ ദേവാലയം/കുരിശുപള്ളി നിർമ്മാണം | : | 21.12.1841 |
| പ്രഥമ ദേവാലയ വെഞ്ചരിപ്പ് | : | 29.12.1871 |
| ഇടവക സ്ഥാപനം | : | 29.12.1871 |
| നവീന ദേവാലയത്തിന്റെ കൂദാശ കർമ്മം | : | 24.04.2002 |
| പള്ളി സ്ക്കൂൾ | : | 2 |
| കോൺവെന്റ്/സന്യാസ ഭവനം/സ്ഥാപനം | : | 6 |
| കുടുംബയൂണിറ്റുകൾ | : | 18 |
| കത്തോലിക്ക കുടുംബങ്ങൾ | : | 838 |
| കത്തോലിക്ക ജനസംഖ്യ | : | 3562 |
| ലത്തീൻ/മലങ്കര കുടുംബങ്ങൾ | : | 9 |
| ഹൈന്ദവ കുടുംബങ്ങൾ | : | 166 |
| മുസ്ലീം കുടുംബങ്ങൾ | : | 22 |
| വൈദികർ | : | 27 |
| സന്യാസിനികൾ | : | 43 |
| സന്യാസ സഹോദരർ | : | 1 |